## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2381** **21-06-2024 - ൽ മറുപടിയ്ക്ക്**

## കൊല്ലം നഗരത്തിലെ തട്ടുകടകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം നഗരത്തിലെ തട്ടുകടകൾ വൃത്തിഹീനമായ സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം നഗരത്തിലെ ഏതാനും ചില തട്ടുകടകൾ വൃത്തിഹീനമായ സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് പരാതി ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും ദൈനംദിന പരിശോധനകളുടെ ഭാഗമായും കൊല്ലം നഗരപരിധിയിൽ പ്രവർത്തിക്കുന്ന തട്ടുകടകളിൽ ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ തട്ടുകടകൾ കേന്ദ്രീകരിച്ച് ഈവനിംഗ് സ്ക്വാഡ്, സ്പെഷ്യൽ ഡ്രൈവുകൾ, ഉത്സവങ്ങൾ എന്നിവയുമായെല്ലാം ബന്ധപ്പെട്ട് പരിശോധനകൾ നടത്തിവരുന്നുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 151 തട്ടുകടകളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. ഗുരുതരമായ ന്യൂനതകൾ കണ്ടെത്തിയ 12 തട്ടുകടകളുടെ പ്രവർത്തനം അടിയന്തരമായി നിർത്തിവയ്പ്പിക്കുകയും മറ്റ് ന്യൂനതകൾ കണ്ടെത്തിയ 28 തട്ടുകടകൾക്ക് റെക്റ്റിഫിക്കേഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. കൊല്ലം പൂരം, രാത്രികാല പരിശോധന എന്നിവയുടെ ഭാഗമായി വിവിധ തട്ടുകടകളിൽ നിന്ന് 20 സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം അനലിസ്റ്റ്സ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, നഗരത്തിലെ ചില തട്ടുകടകൾ മലിനജലം ഒഴുക്കുകയും മാലിന്യ നിക്ഷേപം നടത്തുകയും ചെയ്യുന്നതും വൃത്തിഹീനമായ രീതിയിൽ പ്രവർത്തിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിൽ നിയമപ്രകാരമുള്ള നടപടികൾ കൊല്ലം കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. ടി തട്ടുകടകൾക്ക് ന്യൂനതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് നോട്ടീസ് |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഉചിതമായ രീതിയിൽ പിഴ ഈടാക്കിയിട്ടുള്ളതും പ്രശ്ന പരിഹാരത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള തുടർ നടപടികൾക്ക് ഭക്ഷ്യസുരക്ഷാ വകുപ്പിന് യഥാസമയം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ചില തട്ടുകടകളിൽ ഭക്ഷണം പാചകം ചെയ്യുവാൻ ഗുണനിലവാരം കുറഞ്ഞ സാധനങ്ങളാണ് ഉപയോഗിക്കുന്നത് എന്നത് കോർപ്പറേഷന്റെ ആരോഗ്യവിഭാഗം നടത്തിയ പരിശോധനകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം നഗരത്തിലെ ഏതാനും ചില തട്ടുകടകൾ വൃത്തിഹീനമായ സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് പരാതി ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും ദൈനംദിന പരിശോധനകളുടെ ഭാഗമായും കൊല്ലം നഗരപരിധിയിൽ പ്രവർത്തിക്കുന്ന തട്ടുകടകളിൽ ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ തട്ടുകടകൾ കേന്ദ്രീകരിച്ച് ഈവനിംഗ് സ്ക്വാഡ്, സ്പെഷ്യൽ ഡ്രൈവുകൾ, ഉത്സവങ്ങൾ എന്നിവയുമായെല്ലാം ബന്ധപ്പെട്ട് പരിശോധനകൾ നടത്തിവരുന്നുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 151 തട്ടുകടകളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. ഗുരുതരമായ ന്യൂനതകൾ കണ്ടെത്തിയ 12 തട്ടുകടകളുടെ പ്രവർത്തനം അടിയന്തരമായി നിർത്തിവയ്പ്പിക്കുകയും മറ്റ് ന്യൂനതകൾ കണ്ടെത്തിയ 28 തട്ടുകടകൾക്ക് റെക്റ്റിഫിക്കേഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. കൊല്ലം പൂരം, രാത്രികാല പരിശോധന എന്നിവയുടെ ഭാഗമായി വിവിധ തട്ടുകടകളിൽ നിന്ന് 20 സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം അനലിസ്റ്റ്സ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, നഗരത്തിലെ ചില തട്ടുകടകൾ മലിനജലം ഒഴുക്കുകയും മാലിന്യ നിക്ഷേപം നടത്തുകയും ചെയ്യുന്നതും വൃത്തിഹീനമായ രീതിയിൽ പ്രവർത്തിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിൽ നിയമപ്രകാരമുള്ള നടപടികൾ കൊല്ലം കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. ടി തട്ടുകടകൾക്ക് ന്യൂനതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഉചിതമായ രീതിയിൽ പിഴ ഈടാക്കിയിട്ടുള്ളതും പ്രശ്ന പരിഹാരത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള തുടർ നടപടികൾക്ക് ഭക്ഷ്യസുരക്ഷാ വകുപ്പിന് യഥാസമയം നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഒട്ടേറെ തട്ടുകടകൾ ലൈസൻസ് എടുക്കുന്നതിന് പകരം രജിസ്ട്രേഷൻ മാത്രം എടുത്ത് പ്രവർത്തിക്കുന്നതായി പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തട്ടുകടകൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | സ്ട്രീറ്റ് വെൻഡർ ആക്ട് കൊല്ലം നഗരസഭയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തെരുവ് കച്ചവടക്കാർക്ക് പ്രത്യേക വെന്റിങ് സോൺ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് തെരുവ് കച്ചവടക്കാർക്ക് ലൈസൻസ് നൽകുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കുന്ന ലൈസൻസ് പരിധിയിൽ വരുന്ന തട്ടുകടകൾ പരിശോധനയിൽ കണ്ടെത്തുന്ന പക്ഷം നോട്ടീസ് നൽകി ലൈസൻസിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ